**ഭരണഭാഷ–മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി.എ.സി/784/18/DHSE** **തീയതി : 01.03.2018**

# സർക്കുലർ

വിഷയം : വീ ഹെൽപ്പ് - സ്കൂൾ തല പ്രവർത്തനങ്ങൾ -സംബന്ധിച്ചു

ഹയർ സെക്കന്ററി പരീക്ഷയോടനുബന്ധിച്ചു വിദ്യാർത്ഥികൾ രക്ഷകർത്താക്കൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിന്കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംഗ് സെൽ **വീ ഹെൽപ്പ്** എന്ന പേരിൽ സഹായ കേന്ദ്രം മാർച്ച് 5 മുതൽ ആരംഭിക്കുന്നതാണ് പരീക്ഷ അവസാനിക്കുന്നത് വരെ ഇത് തുടരുന്നതാണ്.

സംസ്ഥാനമൊട്ടാകെയുള്ള വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ട്രേറ്റിൽ ടോൾ ഫ്രീ സംവിധാനത്തിലുള്ള ഫോൺ സംവിധാനവും ഏർപ്പെടുത്തിട്ടുണ്ട് . കുട്ടികൾക്ക് സൗജന്യമായി ***1800 425 2585*** എന്ന നമ്പരിൽ വിളിക്കാവുന്നതാണ്

കുട്ടികളുടെ പരീക്ഷാ സംബന്ധമായ സമ്മർദങ്ങൾ ലഘൂകരിക്കുന്നതിനായി കരിയർ ഗൈഡുകളും ,സൗഹൃദ കോ-ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിന് കരിയർ ഗൈഡുകളും ,സൗഹൃദ കോ-ഓർഡിനേറ്റർമാരും മുൻകൈ എടുക്കേണ്ടതാണ് . കുട്ടികൾക്ക് ഏത് അവസരത്തിലും ഈ അധ്യാപകരെ ഫോൺ മുഖേന ബന്ധപ്പെടുന്നതിനായി സ്കൂളുകളിൽ കരിയർ ഗൈഡുകളും ,സൗഹൃദ കോ-ഓർഡിനേറ്റർമാരും ഫോൺ നമ്പരുകൾ പ്രദർശിപ്പിക്കേണ്ടതാണ് .

**പരീക്ഷാ സ്ക്വാഡുകൾ സ്കൂളുകൾ സന്ദർശിക്കുമ്പോൾ വീ ഹെൽപ്പ് സംബന്ധിച്ചു നോട്ടീസുകൾ സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്**

*ഒപ്പ്/-*

**ഡയറക്ടർ**

# പരീക്ഷയെ ഭയക്കേണ്ടതില്ല

# വീ ഹെൽപ്പ്

## നിങ്ങളുടെ സഹായത്തിന്

നിങ്ങൾക്ക് പരീക്ഷാ സമ്മർദ്ദങ്ങൾ അനുഭവപ്പെടുന്നുവെങ്കിൽ നിങ്ങളുടെ സ്കൂളിലെ കരിയർ ഗൈഡ് ,സൗഹൃദ ക്ലബ്ബ് എന്നിവയുടെ ചാർജ് ഉള്ള അദ്ധ്യാപകരോട് തുറന്ന് സംസാരിക്കുക . നിങ്ങളുടെ പ്രശ്നങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ് .

| പേര് | മൊബൈൽ നമ്പർ |
|---|---|
| | |
| | |

പരീക്ഷാ ഭയം മൂലം മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി വകുപ്പ് ഒരുക്കിയിട്ടുള്ള ടോൾഫ്രീ നമ്പറിലേയ്ക്ക് വിളിക്കാവുന്നതാണ്.

### സംസ്ഥാനതല പരീക്ഷാ ഹെൽപ്പ് ലൈൻ

# 1800 425 2585

(ഈ നമ്പരിലേയ്ക്കുള്ള കോളുകൾ സൗജന്യമായിരിക്കും)

**CAREER GUIDANCE & ADOLESCENT COUNSELLING CELL**

***DIRECTORATE OF HIGHER SECONDARY EDUCATION***